"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത് ജനപ്രതിനിധി ശ്രീ. ഷാനവാസ്.ഐ-യ്ക്ക് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചികിത്സാ സഹായം അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1974/2024/LSGD തീയതി,തിരുവനന്തപുരം, 18-10-2024

---

പരാമർശം:-

1. ശാസ്താംകോട്ട ഗ്രാമ പഞ്ചായത്തിലെ **20.06.2024** തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 13(6) നമ്പർ തീരുമാനം.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.09.2024 തീയതിയിലെ LSGD/PD/44282/2023-EER2 നമ്പർ കത്ത്.

**ഉത്തരവ്**

ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത് ജനപ്രതിനിധി ശ്രീ. ഷാനവാസ്.ഐ എന്നയാൾക്ക് PITUITARY MACRO ADENOMA രോഗം ബാധിച്ച് തിരുവനന്തപുരം കിംസ്, ശ്രീചിത്ര ആശുപത്രികളിൽ ചികിത്സയ്ക്ക് വിധേയനായതിൽ ചെലവായ തുകയിൽ അഞ്ചു ലക്ഷം രൂപ പഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഗ്രാമ പഞ്ചായത്ത് തീരുമാനം എടുത്ത് സർക്കാരിന്റെ ഉത്തരവിനായി പരാമർശം (2) പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം പരിശോധിച്ചു. ശ്രീ. ഷാനവാസ്.ഐ യ്ക്ക് ചികിത്സ നടത്തിയ ഇനത്തിൽ അനുവദനീയ ബില്ലുകളുടെ അടിസ്ഥാനത്തിൽ ചെലവായ തുകയുടെ 70% എന്നാൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരമുള്ള 5 ലക്ഷം രൂപയിൽ കവിയാതെ, ഭാവിയിൽ ക്രമ പ്രകാരമല്ലാതെയോ അധികമായി തുക മാറി നൽകിയതായോ കാണുന്ന പക്ഷം പ്രസ്തുത തുക തിരികെ അടയ്ക്കാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാണെന്നുള്ള വ്യവസ്ഥയിൽ,

ടിയാൾ സമർപ്പിച്ചിരിക്കുന്ന ചികിത്സാ രേഖകളുടെയും മെഡിക്കൽ ബിൽ/വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ ശാസ്താംകോട്ട ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

പ്രസിഡന്റ്/സെക്രട്ടറി, ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത്, കൊല്ലം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD- EM2/93/2023-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar D
സെക്ഷൻ ഓഫീസർ
Date: 19-10-2024 12:21:53

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ് ന്.

സ്പെഷ്യൽ സെക്രട്ടറിയുടെ പിഎ യ്ക്ക്